




I എ.വൈ.ആർ


സൂറ – 18

# അൽ കഹ്ഫ്

‘കഹ്ഫ്’ ഗുഹയാണ്. മർദകഭരണത്തിന്റെയും മർദക ജനങ്ങളുടെയും പീഡനങ്ങളാൽ പൊറുതിമുട്ടി നാടുവിട്ട് ഗുഹയിൽ അഭയം തേടുകയും അവിടെ മൂന്നു നൂറ്റാണ്ടു കാലം നിദ്രാധീനരായി കഴിയുകയും ചെയ്ത ഒരു കൂട്ടം വിശുദ്ധരുടെ കഥ പറയുന്നു ഈ സൂറഃ. അതുകൊണ്ടാണിതിന്ന് അൽകഹ്ഫ് എന്നു പേരുവന്നത്. സൂറത്തു അസ്ഹാബുൽ കഹ്ഫ് എന്നും അറിയപ്പെടുന്നുണ്ട്. ഒറ്റത്തവണയായി ഒന്നിച്ചവതരിച്ച സൂറഃകളിൽ ഒന്നാണിത്. മക്കയിലാണ് ഇതവതരിച്ചത്. ഇതിലെ 28, 29 സൂക്തങ്ങൾ മദീനയിലവതരിപ്പിച്ചതാണെന്നു പ്രസ്താവമുണ്ട്. 107 മുതൽ അന്ത്യം വരെയുള്ള സൂക്തങ്ങൾ മദനിയാണെന്നു മറ്റൊരഭിപ്രായവും ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. ‘അൽ ഹംദുലില്ലാഹി...’ എന്ന സ്തുതി വചനം കൊണ്ടാരംഭിക്കുന്ന അഞ്ചു സൂറഃകളിലൊന്നു മാണിത്. അൽഫാതിഹ, അൽഅൻആം, സബഅ്, ഫാത്വിർ എന്നിവയാണ് മറ്റു നാലു സൂറഃകൾ. മുസ്ഹഫിൽ 18 ാമതായി ചേർത്തിട്ടുള്ള ‘അൽ കഹ്ഫ്’ അവതരണ ക്രമത്തിൽ 68-ാം സൂറഃയാണെന്ന് ജാബിർ ബിൻ അബ്ദുല്ലാ പ്രസ്താവിച്ചിരിക്കുന്നു. അക്ഷരങ്ങളും വാക്കുകളുമെണ്ണുമ്പോൾ ഖുർആനിന്റെ മധ്യമാണീ സൂറഃ. പത്തൊമ്പതാം സൂക്തത്തിലെ وليتلطف എന്ന വാക്കിലെ ت യെയാണ് മുസ്ഹഫിലെ മധ്യാക്ഷരമായി എണ്ണുന്നത്. ചിലരുടെ കണക്കിൽ 74-ാം സൂക്തത്തിലെ نكرا എന്ന വാക്കിലെ ن യാണ് മധ്യാക്ഷരം. കൂട്ടക്ഷരങ്ങൾ കണക്കാക്കുന്നതിലുള്ള വ്യത്യാസമാവാം ഈ ഭിന്നതക്കാധാരം. ഖുർആൻ 30 ജുസ്അ് (ഭാഗം) ആയി ഭാഗിച്ചിട്ടുള്ളതിൽ 15-ാം ജുസ്അ് അവസാനിക്കുന്നതും 16-ാം ജുസ്അ് ആരംഭിക്കുന്നതും ഈ സൂറഃയിലാണ്. قال الم اقل എന്ന് തുടങ്ങുന്ന 75-ാം സൂക്തത്തിലാണ് 16-ാം ജുസ്അ് ആരംഭിക്കുന്നത്.

ഉള്ളടക്കം പരിശോധിച്ചാൽ, 17-ാം സൂറഃയായ അൽഇസ്രാഇന്റെ പൂരകമായി ഈ സൂറഃയെ കണക്കാക്കാവുന്നതാണ്. രണ്ടിന്റെയും മുഖ്യപ്രമേയം ഒന്നുതന്നെ. മുൻ സൂറഃയിലെ ചില സൂചനകൾ ഇതിൽ വ്യക്തമായി പറഞ്ഞിരിക്കുന്നു. സംഗ്രഹങ്ങൾ വിസ്തരിക്കുകയും ചെയ്തിരിക്കുന്നു. മുൻ സൂറഃ വിഗ്രഹാരാധകരോടൊപ്പം ഇസ്രാഈല്യരെയും പ്രബോധനം ചെയ്യുന്നുണ്ടെങ്കിലും അവരെ നേരിട്ടഭിസംബോധന ചെയ്യുന്നില്ല. ഈ സൂറഃ അവരെ നേരിട്ട് സംബോധന ചെയ്തുകൊണ്ട് അവരുടെ ചരിത്രത്തിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. ഇസ്രാഈല്യർ ദൈവത്തിന്റെ ഉറ്റവരും ഉടയവരുമായതിനാൽ ജന്മനാ സ്വർഗാവകാശികളും നരകമുക്തരുമാണെന്നും പാപങ്ങളെ പ്രതി വിചാരണ ചെയ്യപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ഇല്ലെന്നുമുള്ള അവരുടെ വിശ്വാസത്തെ ഖണ്ഡിക്കുന്ന സാക്ഷ്യങ്ങൾ ചൂണ്ടിക്കാണിക്കുന്നു. പ്രകൃതിക്കിണങ്ങുന്ന ജീവിതക്രമത്തിന്റെ അടിസ്ഥാന സ്തംഭങ്ങളായി മുൻ സൂറഃയിൽ സൂചിപ്പിക്കപ്പെട്ട നീതി, ധർമം, ബന്ധുജനങ്ങളോടുള്ള പ്രതിബദ്ധത, അതിക്രമങ്ങളുടെയും അധർമങ്ങളുടെയും ആഭാസങ്ങളുടെയും വർജനം തുടങ്ങിയ കാര്യങ്ങൾ ഈ സൂറഃ വിശദമായി പ്രസ്താവിച്ചിരിക്കുന്നു. മുൻ സൂറഃയിൽ വ്യംഗ്യമായി സൂചിപ്പിക്കപ്പെട്ട ഹിജ്റഃയും ഈ സൂറഃയിൽ വിശദമായി പറഞ്ഞിരിക്കുന്നു. ഹിജ്റഃയുടെ സന്ദർഭം അടുത്തു കഴിഞ്ഞിരിക്കുന്നുവെന്ന മുന്നറിയിപ്പും മുസ്‌ലിംകൾ അതിനുവേണ്ട ഒരുക്കങ്ങൾ ചെയ്തുകൊള്ളണമെന്ന നിർദേശവും ഇതുൾക്കൊള്ളുന്നുണ്ട്. വേദക്കാരുടെ പ്രേരണയാൽ വിഗ്രഹാരാധകർ പ്രവാചകനോടുന്നയിച്ച മൂന്നു ചോദ്യങ്ങളിൽ ഒന്നിന്റെ -റൂഹിനെക്കുറിച്ചുള്ള ചോദ്യത്തിന്റെ-മറുപടി മുൻ സൂറഃയിൽ വന്നിട്ടുണ്ട്. മറ്റു രണ്ടു ചോദ്യങ്ങൾക്കുള്ള മറുപടി ഈ സൂറഃയിലാണ് വരുന്നത്. രണ്ടു സൂറഃകളും

ആരംഭിക്കുന്നത് സ്തുതി കീർത്തനം കൊണ്ടാണ്. മുൻ സൂറഃ സുബ്ഹാനല്ലദീ...... എന്നും ഈ സൂറഃ അൽഹംദുലില്ലാഹി..... എന്നും. പങ്കാളികളില്ലാത്ത അല്ലാഹുവിനെ പ്രാർഥിക്കാനും പ്രകീർത്തിക്കാനും കൽപിച്ചുകൊണ്ടാണ് കഴിഞ്ഞ സൂറഃ സമാപിച്ചത്. എല്ലാ നിലയിലും ഏകനായ അല്ലാഹുവിനു മാത്രം അടിമപ്പെടാൻ കൽപിച്ചുകൊണ്ടാണ് ഈ സൂറഃ സമാപിക്കുന്നത്.

പ്രവാചകന്റെ മക്കാ ജീവിതത്തിന്റെ അവസാന കാലത്താണ് ഈ സൂറഃ അവതരിച്ചത്. അന്ന് മുസ്‌ലിംകൾക്കെതിരെ ഖുറൈശികളുടെ അക്രമം മൂർധന്യ ദശയിലെത്തിയിരുന്നു. പ്രവാചകൻ ഹിജ്‌റഃക്കുള്ള അനുവാദം കാത്തിരിക്കുകയായിരുന്നു. അബ്സീനിയയിലേക്ക് ഹിജ്‌റഃ ചെയ്യാനുള്ള തയാറെടുപ്പിലായിരുന്നു ചില മുസ്‌ലിംകൾ. സങ്കീർണമായ ഈ സാഹചര്യത്തെ തരണം ചെയ്ത് ദൈവിക ദീനുമായി മുന്നോട്ടു പോകാനുള്ള സ്ഥൈര്യവും മാനോദാർഢ്യവും പ്രദാനം ചെയ്യുന്ന തരത്തിലുള്ളതാണ് സൂറഃയുടെ പൊതുവായ ഉള്ളടക്കം.

ഖുർആനിലെ ഇതര സൂറഃകൾ തീരെ പരാമർശിച്ചിട്ടില്ലാത്ത മൂന്നു കഥകളും ഏതാനും ഉദാഹരണങ്ങളുമാണ് ഇതിൽ പ്രധാനമായും വിവരിച്ചിട്ടുള്ളത്. അസ്ഹാബുൽ കഹ്ഫിന്റെ കഥയാണ് ഒന്നാമത്തേത്. സത്യവിശ്വാസത്തിനുവേണ്ടി നാടും വീടും ബന്ധുജനങ്ങളും മുതലുകളുമെല്ലാം ഉപേക്ഷിച്ചു പലായനം ചെയ്തു ഗുഹയിലഭയം തേടുന്ന യുവാക്കളെയും അവർക്കു ലഭിച്ച ദൈവ സഹായത്തെയും അതിൽ പരിചയപ്പെടുത്തുന്നു. അനന്തരം നിർധനരും പാവങ്ങളുമായ വിശ്വാസികളെ ചേർത്തു നിർത്താനും പണക്കാർക്കുവേണ്ടി അവരെ അകറ്റാതിരിക്കാനും പ്രവാചകനോടുപദേശിക്കുന്നു. തുടർന്നു ഭൗതിക സൗഭാഗ്യങ്ങളുടെ ക്ഷണികത ചൂണ്ടിക്കാണിക്കുന്ന ഉദാഹരണങ്ങൾ അവതരിപ്പിക്കുകയാണ്. ഭൗതിക സുഖങ്ങളിൽ ഗർവിഷ്ഠനാകുന്ന സമ്പന്നന്റെയും സത്യധർമങ്ങളിലുള്ള അടിയുറച്ച വിശ്വാസത്താൽ ധന്യനാകുന്ന ദരിദ്രന്റെയും അവസ്ഥകൾ വരച്ചു കാണിക്കുന്നു. സൃഷ്ടിവേളയിൽ ആദമിനു സുജൂദ് ചെയ്യാൻ വിസമ്മതിച്ച ഇബ്‌ലീസിന്റേതാണ് മറ്റൊരുദാഹരണം. അതുവഴി ഇബ്‌ലീസിന്ന് മനുഷ്യവർഗത്തോടുള്ള ശത്രുതയെക്കുറിച്ചുണർത്തുന്നു. ഇബ്‌ലീസിന്റെ വഞ്ചനയിൽ പെടാതെ നേർമാർഗത്തിൽ ചരിക്കാൻ പ്രേരിപ്പിച്ചുകൊണ്ട് അല്ലാഹു വിശുദ്ധ ഖുർആനിൽ പലവിധ ഉദ്ബോധനങ്ങൾ നൽകിയിട്ടുള്ളത് അനുസ്മരിക്കുന്നു. തർക്കപ്രിയനായ മനുഷ്യൻ അതൊന്നും വകവെക്കാതെ സന്മാർഗഭ്രംശത്തിൽ തന്നെ ചരിക്കുകയാണെന്നോർമിപ്പിക്കുന്നു.

മൂസാ നബിയുടെയും ഗുരുവിന്റേതുമാണ് രണ്ടാമത്തെ കഥ. ഇന്ദ്രിയ ജ്ഞാനത്തിന്റെ പരിമിതി വ്യക്തമാക്കിക്കൊണ്ട് വിധിനിമിത്തങ്ങളുടെ നിഗൂഢ സ്വഭാവത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണീ കഥ. ഒപ്പം ജ്ഞാനാന്വേഷണത്തിൽ ക്ഷമയുടെയും ഗുരുവിനോടുള്ള അനുസരണത്തിന്റെയും പ്രാധാന്യം പഠിപ്പിക്കുകയും ചെയ്യുന്നു.

ദുൽഖർനൈൻ രാജാവിന്റേതാണ് മൂന്നാമത്തെ കഥ. പ്രവാചകനെ പരിഹസിക്കുന്ന ഗർവിഷ്ഠരായ ഖുറൈശികളെ, പശ്ചിമ ദിക്കിലേക്കും പൂർവ ദിക്കിലേക്കും വിപുലമായ പടയോട്ടം നടത്തിയ ദുൽഖർനൈനിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് താക്കീതു ചെയ്യുകയാണ്: വടക്കും തെക്കുമെല്ലാം പിടിച്ചടക്കിയ വിജിഗീഷുവായിട്ടും ആ രാജാവ് അല്ലാഹുവിന്റെ അനുഗ്രഹത്തിനുമുന്നിൽ വിനീതനും വിധേയനുമായി വർത്തിച്ചു. അദ്ദേഹത്തിന്റെ ഓരോ ചുവടുവയ്പ്പും അല്ലാഹുവിന്റെ പ്രീതിക്കനുസരിച്ചായിരുന്നു. അതിന്റെ ആയിരത്തിലൊന്നുപോലും അധികാരവും സമ്പത്തും ലഭിച്ചിട്ടില്ലാത്ത നിങ്ങളോ, സ്വന്തം അൽപ വിഭവത്തിൽ നിഗളിച്ച് അല്ലാഹുവിനെ വിസ്മരിക്കുകയും അവന്റെ ദൂതനെ നിന്ദിക്കുകയും ചെയ്യുന്നു.

സൂറഃയുടെ തുടക്കത്തിൽ നൽകിയ താക്കീതും സുവിശേഷവും മറ്റൊരു രൂപത്തിൽ ആവർത്തിച്ചിരിക്കുകയാണ് സമാപന സൂക്തങ്ങളിൽ. ഖുർആനിനെ പരിഹസിക്കുകയും പ്രവാചകനോട് ദിവ്യാത്ഭുതങ്ങളാവശ്യപ്പെടുകയും ചെയ്യുന്നവർക്കുള്ള മറുപടിയും അതുൾക്കൊള്ളുന്നുണ്ട്. കണ്ണു തുറന്നുനോക്കുന്നവർക്ക് തങ്ങളിലും തങ്ങളുടെ ചുറ്റുപാടിലും എണ്ണമറ്റ ദൈവിക ദൃഷ്ടാന്തങ്ങൾ കാണാം. ഭൂമിയിലുള്ള സമുദ്രങ്ങളൊക്കെയും കൂടാതെ അത്ര തന്നെ വേറെ സമുദ്രങ്ങളും ചേർത്തു മഷിയാക്കിയാലും ദൈവിക വിശേഷങ്ങൾ എഴുതിത്തീർക്കാനാവില്ല. ദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെടുത്തുക അല്ലാഹുവിന്റെ അധികാരത്തിൽപെട്ട കാര്യമാണ്. പ്രവാചകൻ നിങ്ങളെപ്പോലെ അല്ലാഹുവിന്റെ ഒരടിമയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദൈവിക സന്ദേശം ലഭിക്കുന്നു എന്ന ഒരു പ്രത്യേകത മാത്രമേ അദ്ദേഹത്തിനുള്ളൂ. ഒരു നാൾ അല്ലാഹുവിനെ കണ്ടുമുട്ടുമെന്നു വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾ അവനെ മാത്രമാണ് അനുസരിക്കേണ്ടതും ആരാധിക്കേണ്ടതും.

ഈ സൂറഃയുടെ മഹത്വം സംബന്ധിച്ച് ധാരാളം ഹദീസുകളുണ്ട്. അൽകഹ്ഫിലെ ആദ്യത്തെ പത്തു സൂക്തങ്ങൾ ഹൃദിസ്ഥമാക്കിയവൻ ദജ്ജാലിൽനിന്ന് സുരക്ഷിതനായെന്ന് പ്രവാചകൻ പ്രസ്താവിച്ചതായി ഇമാം മുസ്‌ലിമും, അവസാനത്തെ പത്ത് സൂക്തങ്ങൾ പാരായണം ചെയ്തവൻ ദജ്ജാലിന്റെ ഫിത്നയിൽ നിന്നു സുരക്ഷിതനായെന്ന് പ്രസ്താവിച്ചതായി ഇമാം അഹ്മദ്, നസാഇ എന്നിവർ നിവേദനം ചെയ്തിരിക്കുന്നു. വെള്ളിയാഴ്ച അൽകഹ്ഫ് പാരായണം ചെയ്യുന്നവന്ന് അടുത്ത വെള്ളിയാഴ്ച വരെ അതൊരു വെളിച്ചമാകുമെന്ന് പ്രവാചകൻ പറഞ്ഞതായി ഹാകിം ഉദ്ധരിക്കുന്നുണ്ട്. വെള്ളിയാഴ്ച രാവിൽ സൂറത്തുൽ കഹ്ഫ് പാരായണം ചെയ്യുന്നവന്ന് അത് തനിക്കും ബൈത്തുൽ അതീഖിനും (കഅബ) ഇടയിൽ വെളിച്ചം പരത്തുമെന്നു പ്രവാചകൻ പ്രസ്താവിച്ചതായിട്ടാണ് ദാറമിയുടെയും ബൈഹഖിയുടെയും നിവേദനം. ഈ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ വെള്ളിയാഴ്ച രാവിലും പകലിലും അൽകഹ്ഫ് പാരായണം ഒരു സുന്നത്തായി മുസ്‌ലിം സമുദായം ആചരിച്ചുവരുന്നു.

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

ഈ ലോകത്ത് ശിഷ്ടർക്കും ദുഷ്ടർക്കും ഒരുപോലെ കരുണ ചൊരിയുകയും
പരലോകത്ത് ശിഷ്ടജനത്തിന് സവിശേഷം കാരുണ്യമരുളുകയും ചെയ്യുന്ന അല്ലാഹുവിന്റെ നാമത്തിൽ.

ٱلْحَمْدُ لِلَّهِ ٱلَّذِىٓ أَنزَلَ عَلَىٰ عَبْدِهِ ٱلْكِتَٰبَ وَلَمْ يَجْعَل لَّهُۥ عِوَجَا ۜ ﴿١﴾

**1.** തന്റെ അടിമക്ക് വേദം അവതരിപ്പിച്ചുകൊടുത്ത അല്ലാഹുവിന്നാകുന്നു സർവസ്തുതിയും. അവൻ ഈ വേദത്തിന് ഒരു വക കോട്ടവും വരുത്തിയിട്ടില്ല.

قَيِّمًا لِّيُنذِرَ بَأْسًا شَدِيدًا مِّن لَّدُنْهُ وَيُبَشِّرَ ٱلْمُؤْمِنِينَ ٱلَّذِينَ يَعْمَلُونَ ٱلصَّٰلِحَٰتِ أَنَّ لَهُمْ أَجْرًا حَسَنًا ﴿٢﴾

**2.** സത്യ-ധർമങ്ങൾ നിഷേധിക്കുന്നവരെ അല്ലാഹുവിങ്കൽ നിന്നുള്ള കൊടിയ ശിക്ഷ താക്കീതു ചെയ്യാനും സൽകർമങ്ങളാചരിക്കുന്ന സത്യവിശ്വാസികളെ വിശിഷ്ടമായ കർമഫലത്താൽ സുവിശേഷമറിയിക്കാനുമുള്ള സുഭദ്രവും സുവ്യക്തവുമായ വേദം.

مَّٰكِثِينَ فِيهِ أَبَدًا ﴿٣﴾

**3.** സജ്ജനങ്ങൾക്കു ലഭിക്കുന്ന വിശിഷ്ടമായ കർമഫലത്തിൽ അവർ എന്നെന്നും വസിക്കുന്നവരാകുന്നു.

ٱلْحَمْدُ = (സർവ) സ്തുതി(യും) لِلَّهِ = അല്ലാഹുവിനാകുന്നു ٱلَّذِىٓ أَنزَلَ = അവതരിപ്പിച്ചു കൊടുത്തവനായ
عَلَىٰ عَبْدِهِ = തന്റെ അടിമക്ക് ٱلْكِتَٰبَ = ഗ്രന്ഥം, വേദം وَلَمْ يَجْعَل لَّهُۥ = അവൻ അതിന് ആക്കിയിട്ടില്ല (വരുത്തിയിട്ടില്ല)
عِوَجَا = ഒരു വക്രത(ഒരുവക കോട്ടവും) قَيِّمًا = ഋജുവായ(സുഭദ്രവും സുവ്യക്തവുമായ വേദം)
لِّيُنذِرَ = (സത്യധർമങ്ങൾ നിഷേധിക്കുന്നവരെ) താക്കീതു ചെയ്യാൻ بَأْسًا شَدِيدًا = കൊടിയ ശിക്ഷ
مِّن لَّدُنْهُ = അവങ്കൽ നിന്ന് (അല്ലാഹുവിങ്കൽ നിന്നുള്ള) وَيُبَشِّرَ = അവൻ സുവിശേഷമറിയിക്കാനും
ٱلْمُؤْمِنِينَ = സത്യവിശ്വാസികളെ ٱلَّذِينَ يَعْمَلُونَ = ചെയ്യു(ആചരിക്കു)ന്നവരെ ٱلصَّٰلِحَٰتِ = സൽകർമങ്ങൾ
أَنَّ لَهُمْ = എന്തെന്നാൽ അവർക്ക് ഉണ്ടെന്ന് أَجْرًا = വേതനം (കർമഫലം) حَسَنًا = നല്ല, വിശിഷ്ടമായ
مَّٰكِثِينَ = വസിക്കുന്നവരാ(കുന്നു)യ നിലയിൽ فِيهِ = അതിൽ (സജ്ജനങ്ങൾക്ക് ലഭിക്കുന്ന വിശിഷ്ടമായ കർമഫലത്തിൽ)
أَبَدًا = എന്നെന്നും

**1–3.** അൽഹംദുലില്ലാഹി എന്ന സ്തുതി വചനത്തിന്റെ ആശയം ഖുർആൻ ബോധനം സൂറഃ അൽഫാതിഹ രണ്ടാം സൂക്തത്തിനു താഴെ വിവരിച്ചിരിക്കുന്നു. عَبْدِهِ എന്ന വാക്കിലെ عبد കൊണ്ടുദ്ദേശ്യം അന്ത്യപ്രവാചകൻ മുഹമ്മദ്(സ) ആണ്. അല്ലാഹു അദ്ദേഹത്തെ عبد (അടിമ) എന്നു വിളിക്കുന്നതിന്റെ സാംഗത്യം ഖുർആൻ ബോധനം സൂറഃ അൽ ഇസ്‌റാഅ് ഒന്നാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. كتاب ന്റെ ഭാഷാർഥം പുസ്തകമാണ്. സുപരിചിതമായ അല്ലെങ്കിൽ വിശുദ്ധമായ പുസ്തകമാണ് ٱلْكِتَٰبَ. വേദം എന്ന അർഥത്തിലാണ് ഖുർആൻ 'അൽ കിതാബ്' അധികവും ഉപയോഗിച്ചിട്ടുള്ളത്. വിശുദ്ധ ഖുർആനിനെ മാത്രം ഉദ്ദേശിച്ചും ചിലയിടത്ത് 'അൽകിതാബ്' ഉപയോഗിച്ചിട്ടുണ്ട്. ഈ സൂക്തത്തിലെ അൽ കിതാബ് അക്കൂട്ടത്തിൽ പെടുന്നു. വളവും കോട്ടവുമാണ് عوج. യഥാർഥമായ അതായത് വസ്തുക്കളുടെ വളവിനും ആലങ്കാരികമായ അതായത് കർമങ്ങളുടെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും വക്രതക്കും عِوج ഉപയോഗിക്കും. عَوج എന്നും ഇതിനു ഉച്ചാരണമുണ്ട്. ആലങ്കാരികമായ വളവിനും കോട്ടത്തിനും മാത്രമേ عِوج ഉപയോഗിക്കൂ എന്ന് ഭാഷാപണ്ഡിതനായ ഇബ്നുസ്സക്കീത്ത് അഭിപ്രായപ്പെട്ടിരിക്കുന്നു.

കഴിഞ്ഞ അൽ ഇസ്‌റാഅ് സൂറഃ അവസാനിപ്പിച്ച വിഷയം കൊണ്ടാണ് ഈ സൂറഃ ആരംഭിക്കുന്നത്. വചന സാരമിതാണ്: അറബികൾക്ക് അവതരിച്ചു കിട്ടിയ ഖുർആനാകുന്ന ഈ മഹാനുഗ്രഹം യഥാർഥത്തിൽ അർഹിക്കുന്നത് അവരുടെ അകൈതവമായ കൃതജ്ഞതയാണ്; അവരുടെ നിഷേധമല്ല ഒരിക്കലും. നിർഭാഗ്യവശാൽ ഇക്കൂട്ടർ തങ്ങൾക്കു ലഭിച്ച അനുഗ്രഹത്തിന്റെ വില മനസ്സിലാക്കുന്നില്ല. അതിനെ നിഷേധിക്കാനും പരാജയപ്പെടുത്താനും പുതിയ പുതിയ തന്ത്രങ്ങങ്ങളന്വേഷിച്ചുകൊണ്ടിരിക്കുകയാണവർ.

ഖുർആനിനെ കോട്ടമില്ലാത്തത് وَلَمْ يَجْعَل لَّهُۥ عِوَجَا - എന്നു വിശദീകരിച്ചത് ഭാഷയിലോ വിഷയത്തിലോ യാതൊരു ന്യൂനതയുമില്ലാത്തത് എന്ന അർഥത്തിലാണ്. തെളിഞ്ഞ അറബി ഭാഷയിലാണത് സംസാരിക്കുന്നത്. തികഞ്ഞ സത്യവും ധർമവും നീതിയുമാണത് അവതരിപ്പിക്കുന്നത്. ഇതിഹാസ കഥകൾ പോലെ അത് ഉത്തരമില്ലാത്ത ചോദ്യങ്ങളവശേഷിപ്പിക്കുന്നില്ല. മന്ത്രവാദികളുടെയും ജോത്സ്യന്മാരുടെയും ജൽപനങ്ങളിലുള്ളതുപോലെ അവ്യക്തതയും അസ്പഷ്ടതയുമില്ല. ഖുർആൻ പഴങ്കഥകളാണ്, ആഭിചാര മന്ത്രങ്ങളാണ് തുടങ്ങിയ അവിശ്വാസികളുടെ ആരോപണത്തിനുള്ള മറുപടി കൂടിയാണ് وَلَمْ يَجْعَل لَّهُۥ عِوَجَا എന്ന വാക്യം.

قيما ഖുർആനിന്റെ മറ്റൊരു വിശേഷണമാണ്. വിലപ്പെട്ടത്, അമൂല്യം എന്നും പരിപാലകൻ, കാര്യദർശി എന്നും, ഋജുവായത്, നേർക്കുനേരെയുള്ളത്, ചൊവ്വായത് എന്നും ഈ പദത്തിനർഥമുണ്ട്. ഈ അർഥങ്ങളെല്ലാം പ്രകൃത സന്ദർഭത്തിൽ സാധുവാകുന്നു. ഒന്നാമത്തെ അർഥത്തിൽ, വക്രതയും ന്യൂനതയുമില്ലാത്ത ഖുർആൻ അമൂല്യമായ ദൈവാനുഗ്രഹമാകുന്നു. രണ്ടാമത്തെ അർഥത്തിൽ, മർത്യജീവിതത്തെ സത്യത്തിലും ധർമത്തിലും അധിഷ്ഠിതരായി പരിപാലിക്കുന്ന വേദോപദേശമാണത്. മൂന്നാമത്തെ അർഥത്തിൽ قيم എന്നത് لَمْ يَجْعَل لَّهُۥ عِوَجَا എന്നുപറഞ്ഞതിന്റെ മറ്റൊരു ഭാഷ്യമാണ്. അതായത് ശരിയും സത്യവുമായ കാര്യങ്ങൾ നേർക്കുനേരെ ഋജുവായ ഭാഷയിൽ പറയുന്ന ഗ്രന്ഥമാണ് ഖുർആൻ.

لِّيُنذِرَ بَأْسًا....أَجْرًا حَسَنًا എന്ന വചനം ഖുർആൻ അവതരിച്ചതിന്റെ ലക്ഷ്യ പ്രഖ്യാപനമാണ്. സത്യ-ധർമങ്ങൾ നിഷേധിക്കുന്നവരെ അതിന്റെ തിക്ത ഫലങ്ങളെ കുറിച്ച് താക്കീതു ചെയ്യുക, സത്യ-ധർമങ്ങൾ കൈക്കൊള്ളുന്നവർക്ക് പരലോകത്ത് മഹത്തരവും ശാശ്വതവുമായ കർമഫലം വാഗ്ദത്തം ചെയ്യുക, ഇതിന്നുവേണ്ടിയാണ് വിശുദ്ധ ഖുർആൻ അവതരിച്ചിട്ടുള്ളത്: لِّيُنذِرَ بَأْسًا شَدِيدًا എന്ന വാക്യത്തിൽ للكافرين എന്നോ للمكذبين എന്നോ (നിഷേധികളെ എന്നോ തള്ളിപ്പറയുന്നവരെ എന്നോ) ഒരു വാക്ക് അനുക്തമാകുന്നു: وَيُبَشِّرَ ٱلْمُؤْمِنِينَ എന്നു തുടങ്ങുന്ന രണ്ടാം ഖണ്ഡത്തിലെ ٱلْمُؤْمِنِينَ എന്ന വാക്ക് ഈ അനുക്തത്തെ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്.

لِّيُنذِرَ-താക്കീതു ചെയ്യാൻ എന്നതിന്റെ കർത്താവ് അല്ലാഹുവാകാം. അവന്റെ അടിമയായ ദൂതനും ആവാം. ആദ്യത്തെ അർഥമനുസരിച്ച് അല്ലാഹു അവങ്കൽനിന്ന് ഈ വേദമവതരിപ്പിച്ചിരിക്കുന്നത് ധർമധിക്കാരികൾക്കും സത്യനിഷേധികൾക്കും കൊടിയ ശിക്ഷയുണ്ടെന്ന താക്കീതായിട്ടാണ്. രണ്ടാമത്തെ അർഥമനുസരിച്ച്, വരാനിരിക്കുന്ന കൊടിയ ശിക്ഷയെക്കുറിച്ച് പ്രവാചകൻ അവർക്ക് മുന്നറിയിപ്പു നൽകുന്നതിനുവേണ്ടിയാണീ വേദം അവതരിപ്പിച്ചിരിക്കുന്നത്. ഊറ്റം, ശക്തി, ശിക്ഷ, പരാക്രമം എന്നീ അർഥങ്ങളുണ്ട് بَأْسًا ന്ന്. ഇവിടെ ശിക്ഷ എന്ന അർഥമാണ് പണ്ഡിതന്മാർ പൊതുവിൽ സ്വീകരിച്ചിട്ടുള്ളത്.

مِّن لَّدُنْهُ -അവങ്കൽ നിന്നു-എന്ന വാക്ക് കിതാബിനെ-ഖുർആനിനെ സംബന്ധിച്ചുമാവാം, ശിക്ഷയെ സംബന്ധിച്ചുമാവാം. കിതാബിനെ സംബന്ധിച്ചാണെങ്കിൽ അല്ലദീ അർസല അലാ അബ്ദിഹിൽ കിതാബ്-തന്റെ അടിമക്ക് വേദമവതരിപ്പിച്ചവൻ എന്നുപറഞ്ഞ ശേഷം വീണ്ടും അവങ്കൽ നിന്ന് എന്ന് എടുത്തുപറയുന്നത് ഖുർആനിന്റെ മഹത്വവും പ്രാധാന്യവും മുഴപ്പിച്ചു കാട്ടാനാവാം. ശിക്ഷയെ സംബന്ധിച്ചാണെങ്കിൽ, ആ ശിക്ഷ നിങ്ങൾ പരസ്പരം ശിക്ഷിക്കുന്നതുപോലെയുള്ളതല്ല; പ്രത്യുത അല്ലാഹുവിങ്കൽനിന്ന് വരുന്നതാണ്, അതിൽനിന്ന് നിങ്ങളെ രക്ഷിക്കാനോ അവനെ പിന്തിരിപ്പിക്കാനോ ആരുമുണ്ടാവില്ല എന്നാണ് താൽപര്യം. عذاب شديد ന്റെ വിപരീതമായിട്ടാണ് أَجْرًا حَسَنًا വന്നിട്ടുള്ളത്. കൊടിയ ശിക്ഷ വേദനയും യാതനയും നിറഞ്ഞതാണെങ്കിൽ വിശിഷ്ട കർമഫലം ആനന്ദവും ആസ്വാദനവും നിറഞ്ഞതാണ്.

ഒരിടത്ത് പാർത്തു എന്ന അർഥത്തിലുള്ള مَكَثَ യുടെ കർതൃപദമായ ماكث ന്റെ ബഹുവചനമാണ് ماكثين. സുഖാസ്വാദനങ്ങളിലുള്ള സ്ഥിരതയാണിവിടെ ഉദ്ദേശ്യം. വിശിഷ്ട കർമഫലം കടൽപോലെ അവർക്കു ചുറ്റും പരന്നു കിടക്കും. ഒരു നിമിഷം പോലും വിട്ടുപോവില്ല. ആനന്ദസാഗരം എന്നെന്നും അവർക്കുചുറ്റും അലയടിച്ചുകൊണ്ടിരിക്കും. എന്നെന്നും അവർ അതിൽ തന്നെ വസിക്കുകയും ചെയ്യും. ■